# ഭാഷാസാഹിതി

കേരളസർവകലാശാല മലയാളവിഭാഗത്തിന്റെ
ത്രൈമാസികപ്രസിദ്ധീകരണം

PEER REVIEWED JOURNAL

178



## ഉള്ളടക്കം


| | | | |
|---|---|---|---|
| | ഡോ. കെ. കെ. ശിവദാസ് | 5 | ആമുഖം |
| 1. | ഡോ. ഷീബ എം.കുര്യൻ | 7 | കലയും കലാകാരനും കലാനിർമ്മിതിയും ടി. വി. ചന്ദ്രന്റെ സിനിമകളിലൂടെ ഒരന്വേഷണം |
| 2. | ഡോ. ദീപേഷ് കരിമ്പുങ്കര | 22 | നാഗവിജ്ഞാനീയം : നവപഠന ശാഖയുടെ വ്യാപ്തിയും സാധ്യതകളും |
| 3. | ജെൻസി കെ. എ. | 33 | ചരിത്രകാരനായ പി.കെ. ബാലകൃഷ്ണനും, ജാതിപഠനത്തിലെ അസഹിഷ്ണുതകളും |
| 4. | ഡോ. ബിൻസ് എം. മാത്യു | 49 | കവിതയിൽ കിടന്നുപൊള്ളുന്ന വാക്കുകൾ |
| 5. | ഡോ. പ്രിൻസ്മോൻ ജോസ് | 55 | കുളിയും കേരളീയ ജീവിതവും |
| 6. | ഡോ. ജൈനിമോൾ കെ.വി. | 67 | കേൾവിയുടെ രാഷ്ട്രീയവും സംസ്കാരനിർമ്മിതിയും |
| 7. | ഡോ. ആനന്ദ് ദിലീപ് രാജ് | 77 | അഹല്യയുടേയും ഇന്ദ്രന്റേയും കഥ: ഒരു വൈദികമിത്തിന്റെ രൂപപരിണാമം |
| 8. | ആരതി ജോസഫ് | 89 | കല്ലട ജലോത്സവത്തിന്റെ വൈജ്ഞാനിക പ്രതിനിധാനം |
| 9. | രേഷ്മ രാജൻ | 100 | ഫോക്‌ലോറും ജനപ്രിയതയും സിനിമാഗാനങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനം. |

# കേൾവിയുടെ രാഷ്ട്രീയവും സംസ്കാരനിർമ്മിതിയും

ഡോ. ജെനിമോൾ കെ. വി.
അസിസ്റ്റന്റ് പ്രൊഫസർ
സി. എ. എസ്. കോളേജ്, മാടായി

സംഗ്രഹം

പത്തൊമ്പതാം നൂറ്റാണ്ടുവരെ കേരളത്തിലങ്ങോളമിങ്ങോളം വ്യാപിച്ച കേൾവി സംസ്കാരത്തിന്റെ ഏറ്റെടുക്കലാണ് റേഡിയോയുടെ വരവോടെ സാധ്യമായത്. അതുവരെ ദൃശ്യ-ശ്രാവ്യ കലകൾ സമ്പന്നമാക്കിയ വിനോദസംസ്കാരത്തിന്റെ തുടർച്ചയായി റേഡിയോ പരിപാടികൾ മാറി. കേരളത്തിൽ സ്വകാര്യ എഫ്. എം. റേഡിയോകളുടെ വ്യാപനം പുതിയൊരു കേൾവിസംസ്കാരത്തിനാണ് തുടക്കമിട്ടത്. കേവലമൊരു വിനോദോപകരണം എന്ന നിലയിൽ മാത്രമല്ല അവ സമൂഹത്തിൽ നിലയുറപ്പിച്ചിട്ടുള്ളത്. വിനിമയം ചെയ്യുന്ന ആശയത്തോടൊപ്പം ആഗോളമുതലാളിത്തത്തിന്റെ താല്പര്യങ്ങൾ കൂടി എഫ്. എമ്മുകൾ വിപണനം ചെയ്യുന്നു. പരസ്യത്തിന്മേൽ അവ അമിതമായ ആശ്രിതത്വം സ്ഥാപിച്ചിട്ടുണ്ട്. അതുകൊണ്ട് സ്വകാര്യറേഡിയോകളുടെ ലക്ഷ്യവും മാർഗ്ഗവുമെല്ലാം ഉപഭോഗത്തിലധിഷ്ഠിതമാണെന്ന് വ്യക്തമാണ്. ശ്രാവ്യസംസ്കാരം എല്ലാ അതിർത്തികളെയും ഭേദിച്ച് വിശാല മണ്ഡലത്തിൽ എത്തിനിൽക്കുന്ന സാഹചര്യത്തിൽ റേഡിയോയുടെ രാഷ്ട്രീയവും സംസ്കാരനിർമ്മിതിയിൽ അവ ചെലുത്തുന്ന സ്വാധീനവും അന്വേഷിക്കുകയാണ് ഈ പ്രബന്ധം.

**താക്കോൽവാക്കുകൾ**

കേൾവിസംസ്കാരം, ഉപഭോഗാധിഷ്ഠിതം, വിനോദസംസ്കാരം,ആഗോളമുതലാളിത്തം.

സമൂഹം രൂപപ്പെട്ട കാലം മുതൽക്കേ തന്നെ വിനോദവും വിജ്ഞാനവും നേടുക എന്നത് മനുഷ്യജീവിതപുരോഗതിക്കും നിലനിൽപ്പിനും